**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5832** **08-11-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി മേഖലയ്ക്കുണ്ടായ നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തുണ്ടായ ചുഴലിക്കാറ്റ്, ചക്രവാതച്ചുഴി മൂലമുള്ള പ്രളയം എന്നിവ വൈദ്യുത മേഖലയിലുണ്ടാക്കിയ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നല്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. വൈദ്യുതി മേഖലയിലുണ്ടാക്കിയ നാശ നഷ്ടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (1) വിതരണ മേഖലയിലെ നഷ്ടം. മെയ് മാസത്തിൽ സംസ്ഥാനത്തുണ്ടായ ടൗക്‌തെ ചുഴലിക്കാറ്റിൽ 23417 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ 3.89 ലക്ഷത്തിൽ അധികം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സപ്പെട്ടിരുന്നു. 68 വിതരണ ട്രാൻസ്ഫോർമറുകൾക്കും 710 ഹൈ ടെൻഷൻ പോസ്റ്റുകൾക്കും 4763 ലോ ടെൻഷൻ പോസ്റ്റുകൾക്കും കേടുപാടുകൾ സംഭവിക്കുകയും 615 സ്ഥലങ്ങളിൽ ഹൈ ടെൻഷൻ വൈദ്യുതി കമ്പികളും 17959 സ്ഥലങ്ങളിൽ ലോ ടെൻഷൻ കമ്പികളും പൊട്ടി വീഴുകയും ചെയ്തിരുന്നു. ടൗക്‌തെ ചുഴലിക്കാറ്റിൽ വിതരണ ശൃംഖലയിൽ ഏകദേശം 46.45 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിരുന്നു. ജൂൺ ജൂലൈ മാസങ്ങളിൽ സംസ്ഥാനത്തു മൺസൂൺ മൂലമുണ്ടായ കെടുതിയിൽ 84 വിതരണ ട്രാൻസ്ഫോർമറുകൾക്കും 1043 ഹൈ ടെൻഷൻ പോസ്റ്റുകൾക്കും 7981 ലോ ടെൻഷൻ പോസ്റ്റു കൾക്കും കേടുപാടുകൾ സംഭവിക്കുകയും 910 സ്ഥലങ്ങളിൽ ഹൈ ടെൻഷൻ വൈദ്യുതി കമ്പികളും 33471 സ്ഥലങ്ങളിൽ ലോ ടെൻഷൻ കമ്പികളും പൊട്ടി വീഴുകയും ചെയ്തിരുന്നു. ജൂൺ ജൂലൈ മാസങ്ങളിലെ കാലവർഷ കെടുതിയിൽ വിതരണ ശൃംഖലയിൽ ഏകദേശം 83.94 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിരുന്നു. ഒക്ടോബർ മാസത്തിൽ ചക്രവാതച്ചുഴി മൂലമുണ്ടായ പ്രളയം മൂലം വിതരണമേഖലയിൽ വിവിധ ജില്ലകളിലായി പ്രാഥമിക കണക്കുകൾ പ്രകാരം 5165 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ 7.72 ലക്ഷത്തിൽ അധികം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സപ്പെട്ടിരുന്നു. 100 വിതരണ ട്രാൻസ്ഫോർമറു കൾക്കും 600 ഹൈ ടെൻഷൻ പോസ്റ്റുകൾക്കും 2061 |

ലോ ടെൻഷൻ പോസ്റ്റുകൾക്കും കേടുപാടുകൾ സംഭവിക്കുകയും 488 സ്ഥലങ്ങളിൽ ഹൈ ടെൻഷൻ വൈദ്യുതി കമ്പികളും 8156 സ്ഥലങ്ങളിൽ ലോ ടെൻഷൻ കമ്പികളും പൊട്ടി വീഴുകയും ചെയ്തിരുന്നു. ലഭ്യമായ കണക്കുകൾ പ്രകാരം വിതരണ ശൃംഖലയിൽ ഏകദേശം 24.24കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു. (2) പ്രസരണ മേഖലയിലെ നഷ്ടം ചുഴലിക്കാറ്റ്, കനത്ത മഴ, ഇടി മിന്നൽ ചക്രവാതച്ചുഴി മൂലമുള്ള പ്രളയം എന്നിവ മൂലം സംസ്ഥാനത്തിന്റെ വൈദ്യുതി പ്രസരണ മേഖലയിൽ 10,51,327/- രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. 1. 17.10.2021-ലെ ശക്തമായ മഴയും ഇടിമിന്നലും മൂലം ഇടമൺ - അമ്പലപ്പുറം 110 കെ.വി ലൈൻ പൊട്ടി വീണതുമൂലം 28,100/- രൂപയുടെ നഷ്ടം ഉണ്ടായി. 2. 16.10.2021-ൽ ഉണ്ടായ അതി ശക്തമായ മഴയിൽ ഈരാറ്റുപേട്ട 110 കെ.വി സബ്സ്റ്റേഷനിലെ സംരക്ഷണ ഭിത്തി തകർന്ന് 10,23,227/- രൂപയുടെ നഷ്ടം സംഭവിച്ചു. എന്നാൽ ഇത് വൈദ്യുതി വിതരണത്തെ ബാധിച്ചിട്ടില്ല. ഉത്പാദന മേഖലയിൽ പ്രളയത്താലുണ്ടായ നാശനഷ്ടം ചുവടെ ചേർക്കുന്നു. റാന്നി-പെരുനാട് ചെറുകിട ജലവൈദ്യുത പദ്ധതി 1. പതിമൂന്നു ദിവസത്തെ ഉല്പ്പാദന നഷ്ടം: ഏകദേശം 17 ലക്ഷം രൂപ 2. പൂർണ്ണതോതിൽ വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി ചെലവിട്ട തുക : 8 ലക്ഷംരൂപ : ആകെ:25 ലക്ഷം രൂപ പെരുന്തേനരുവിചെറുകിട ജലവൈദ്യുത പദ്ധതി തടയണയിൽ 2018ൽ ഉണ്ടായ മഹാപ്രളയം മൂലം ക്രമാതീതമായി അടിഞ്ഞുകൂടിയ മണലും ചെളിയും, മാറ്റുന്നതിനായി കഴിഞ്ഞ വർഷം 5 ലക്ഷം രൂപയും, ഈ വർഷം 6 ലക്ഷം രൂപ മുടക്കിയിട്ടുണ്ട്. തുടർന്നു 2021 ഒക്ടോബർ.മാമാമാസത്തിൽ ഉണ്ടായ മഴയും വെള്ളപ്പൊക്കവും മൂലം പമ്പാ നദിയിൽ നിന്നും ഫോർബേ ടാങ്കിലും കനാലിലും മണലും ചെളിയും ക്രമാതീതമായി അടിഞ്ഞുകൂടിയതിനാലും ടി പദ്ധതിയിലെ രണ്ടു ജനറേറ്ററുകളുടെയും പ്രവർത്തനം താൽക്കാലികമായി നിർത്തി വച്ചു. മണലും ചെളിയും നീക്കം ചെയ്യുന്നത്തിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഫോർബേ ടാങ്കിലും കനാലിലും അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്ത ശേഷം ജല നിരപ്പ് താഴ്ന്ന മുറക്ക് തടയണയിലുള്ള മണ്ണ് നിക്കം ചെയ്യാൻ ഉദ്ദേശിക്കുന്നു. പമ്പാ നദിയിൽ അടിഞ്ഞു കൂടിയ മണൽ നീക്കം ചെയ്യുന്നതിന് ബഹു ജില്ലാ കളക്ടർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനോട് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത്, അടുത്തിടെയുണ്ടായ കാലവർഷ ചുഴലിക്കാറ്റ്

| | | | |
|---|---|---|---|
| | | | തുടങ്ങിയവമൂലം അങ്കമാലി ബിൽഡിംഗ് & സ്റ്റോർ ഡിവിഷൻ പരിധിയിൽ ഏകദേശം 50,000/- (അമ്പതിനായിരം) രൂപയോളം നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) | ഓരോ ദുരിതത്തിലുമുണ്ടായ നാശനഷ്ടം എത്രയെന്നും ആയത് പരിഹരിച്ച് പൂർണ്ണതോതിൽ വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി ചെലവിട്ട തുക എത്രയെന്നും വ്യക്തമാക്കുമോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്. വൈദ്യുതി മേഖലയിലുണ്ടാക്കിയ നാശ നഷ്ടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (1) വിതരണ മേഖലയിലെ നഷ്ടം. മെയ് മാസത്തിൽ സംസ്ഥാനത്തുണ്ടായ ടൗക്തെ ചുഴലിക്കാറ്റിൽ 23417 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ 3.89 ലക്ഷത്തിൽ അധികം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സപ്പെട്ടിരുന്നു. 68 വിതരണ ട്രാൻസ്ഫോർമറുകൾക്കും 710 ഹൈ ടെൻഷൻ പോസ്റ്റുകൾക്കും 4763 ലോ ടെൻഷൻ പോസ്റ്റുകൾക്കും കേടുപാടുകൾ സംഭവിക്കുകയും 615 സ്ഥലങ്ങളിൽ ഹൈ ടെൻഷൻ വൈദ്യുതി കമ്പികളും 17959 സ്ഥലങ്ങളിൽ ലോ ടെൻഷൻ കമ്പികളും പൊട്ടി വീഴുകയും ചെയ്തിരുന്നു. ടൗക്തെ ചുഴലിക്കാറ്റിൽ വിതരണ ശൃംഖലയിൽ ഏകദേശം 46.45 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിരുന്നു. ജൂൺ ജൂലൈ മാസങ്ങളിൽ സംസ്ഥാനത്തു മൺസൂൺ മൂലമുണ്ടായ കെടുതിയിൽ 84 വിതരണ ട്രാൻസ്ഫോർമറുകൾക്കും 1043 ഹൈ ടെൻഷൻ പോസ്റ്റുകൾക്കും 7981 ലോ ടെൻഷൻ പോസ്റ്റു കൾക്കും കേടുപാടുകൾ സംഭവിക്കുകയും 910 സ്ഥലങ്ങളിൽ ഹൈ ടെൻഷൻ വൈദ്യുതി കമ്പികളും 33471 സ്ഥലങ്ങളിൽ ലോ ടെൻഷൻ കമ്പികളും പൊട്ടി വീഴുകയും ചെയ്തിരുന്നു. ജൂൺ ജൂലൈ മാസങ്ങളിലെ കാലവർഷ കെടുതിയിൽ വിതരണ ശൃംഖലയിൽ ഏകദേശം 83.94 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിരുന്നു. ഒക്ടോബർ മാസത്തിൽ ചക്രവാതച്ചുഴി മൂലമുണ്ടായ പ്രളയം മൂലം വിതരണമേഖലയിൽ വിവിധ ജില്ലകളിലായി പ്രാഥമിക കണക്കുകൾ പ്രകാരം 5165 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ 7.72 ലക്ഷത്തിൽ അധികം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സപ്പെട്ടിരുന്നു. 100 വിതരണ ട്രാൻസ്ഫോർമറു കൾക്കും 600 ഹൈ ടെൻഷൻ പോസ്റ്റുകൾക്കും 2061 ലോ ടെൻഷൻ പോസ്റ്റുകൾക്കും കേടുപാടുകൾ സംഭവിക്കുകയും 488 സ്ഥലങ്ങളിൽ ഹൈ ടെൻഷൻ വൈദ്യുതി കമ്പികളും 8156 സ്ഥലങ്ങളിൽ ലോ ടെൻഷൻ കമ്പികളും പൊട്ടി വീഴുകയും ചെയ്തിരുന്നു. ലഭ്യമായ കണക്കുകൾ പ്രകാരം വിതരണ ശൃംഖലയിൽ ഏകദേശം 24.24കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു. (2) പ്രസരണ മേഖലയിലെ നഷ്ടം ചുഴലിക്കാറ്റ്, കനത്ത മഴ, ഇടി മിന്നൽ ചക്രവാതച്ചുഴി മൂലമുള്ള പ്രളയം എന്നിവ മൂലം |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന്റെ വൈദ്യുതി പ്രസരണ മേഖലയിൽ 10,51,327/- രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. 1. 17.10.2021-ലെ ശക്തമായ മഴയും ഇടിമിന്നലും മൂലം ഇടമൺ - അമ്പലപ്പുറം 110 കെ.വി ലൈൻ പൊട്ടി വീണതുമൂലം 28,100/- രൂപയുടെ നഷ്ടം ഉണ്ടായി. 2. 16.10.2021-ൽ ഉണ്ടായ അതി ശക്തമായ മഴയിൽ ഈരാറ്റുപേട്ട 110 കെ.വി സബ്സ്റ്റേഷനിലെ സംരക്ഷണ ഭിത്തി തകർന്ന് 10,23,227/- രൂപയുടെ നഷ്ടം സംഭവിച്ചു. എന്നാൽ ഇത് വൈദ്യുതി വിതരണത്തെ ബാധിച്ചിട്ടില്ല. ഉത്പാദന മേഖലയിൽ പ്രളയത്താലുണ്ടായ നാശനഷ്ടം ചുവടെ ചേർക്കുന്നു. റാന്നി-പെരുനാട് ചെറുകിട ജലവൈദ്യുത പദ്ധതി 1. പതിമൂന്നു ദിവസത്തെ ഉല്പ്പാദന നഷ്ടം: ഏകദേശം 17 ലക്ഷം രൂപ 2. പൂർണ്ണതോതിൽ വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി ചെലവിട്ട തുക : 8 ലക്ഷംരൂപ : ആകെ:25 ലക്ഷം രൂപ പെരുന്തേനരുവിചെറുകിട ജലവൈദ്യുത പദ്ധതി തടയണയിൽ 2018ൽ ഉണ്ടായ മഹാപ്രളയം മൂലം ക്രമാതീതമായി അടിഞ്ഞുകൂടിയ മണലും ചെളിയും, മാറ്റുന്നതിനായി കഴിഞ്ഞ വർഷം 5 ലക്ഷം രൂപയും, ഈ വർഷം 6 ലക്ഷം രൂപ മുടക്കിയിട്ടുണ്ട്. തുടർന്നു 2021 ഒക്ടോബർ.മാമാമാസത്തിൽ ഉണ്ടായ മഴയും വെള്ളപ്പൊക്കവും മൂലം പമ്പാ നദിയിൽ നിന്നും ഫോർബേ ടാങ്കിലും കനാലിലും മണലും ചെളിയും ക്രമാതീതമായി അടിഞ്ഞുകൂടിയതിനാലും ടി പദ്ധതിയിലെ രണ്ടു ജനറേറ്ററുകളുടെയും പ്രവർത്തനം താൽക്കാലികമായി നിർത്തി വച്ചു. മണലും ചെളിയും നീക്കം ചെയ്യുന്നത്തിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഫോർബേ ടാങ്കിലും കനാലിലും അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്ത ശേഷം ജല നിരപ്പ് താഴ്ന്ന മുറക്ക് തടയണയിലുള്ള മണ്ണ് നിക്കം ചെയ്യാൻ ഉദ്ദേശിക്കുന്നു. പമ്പാ നദിയിൽ അടിഞ്ഞു കൂടിയ മണൽ നീക്കം ചെയ്യുന്നതിന് ബഹു ജില്ലാ കളക്ടർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനോട് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത്, അടുത്തിടെയുണ്ടായ കാലവർഷ ചുഴലിക്കാറ്റ് തുടങ്ങിയവമൂലം അങ്കമാലി ബിൽഡിംഗ് & സ്റ്റോർ ഡിവിഷൻ പരിധിയിൽ ഏകദേശം 50,000/- (അമ്പതിനായിരം) രൂപയോളം നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| (സി) | മേല്പറഞ്ഞ നാശനഷ്ടങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ സ്വീകരിച്ച നടപടി, ലഭ്യമായ തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (സി) | നാശ നഷ്ടങ്ങളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നതിനുളള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസരണ മേഖലയിലുണ്ടായ മേൽപറഞ്ഞ |

| | | | |
|---|---|---|---|
| | | | നാശനഷ്ടങ്ങൾക്ക് ഇതുവരെയും കേന്ദ്രത്തിൽ നിന്ന് നഷ്ട പരിഹാരമൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) | ചുഴലിക്കാറ്റുകൾ, കാലവർഷക്കെടുതി, ചക്രവാതച്ചുഴി ഭീഷണി എന്നീ കാരണങ്ങളാൽ അണക്കെട്ടുകൾ തുറന്നതുമൂലം വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിനുള്ള മുൻകരുതൽ എന്ന നിലയിൽ 18.10.2021 മുതൽ 31.10.2021 വരെ അണക്കെട്ടുകളിൽ നിന്നും ഏകദേശം 198.61 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള വെള്ളം തുറന്നുവിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ